# പതിനാലാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4791** **22.03.2018-ൽ മറുപടിക്ക്**

## സമ്പൂർണ്ണ വൈദ്യുതീകരണം

| | ചോദ്യം<br><br>ശ്രീ. ഐ.സി.ബാലകൃഷ്ണൻ : | | ഉത്തരം<br>ശ്രീ. എം.എം. മണി<br>(വൈദ്യുതി വകുപ്പ് മന്ത്രി) |
|---|---|---|---|
| (എ) | എല്ലാ വീടുകളിലും വൈദ്യുതി എത്തുന്ന രാജ്യത്തെ ആദ്യ സംസ്ഥാനമാക്കി കേരളത്തെ മാറ്റുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;<br><br>(ബി) ഇതിനുള്ള ഗുണഭോക്താക്കളെ കണ്ടെത്താൻ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്;<br><br>(സി) ഇവരുടെ ലിസ്റ്റ് എന്ന് പ്രസിദ്ധീകരിക്കാനാകുമെന്നാണ് കരുതുന്നത്;<br><br>(ഡി) സംസ്ഥാനത്തെ എല്ലാ വീടുകളിലും വൈദ്യുതി ലഭ്യമാക്കുന്ന നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്നാണ് കരുതുന്നത്; വ്യക്തമാക്കുമോ? | (എ)<br>(ബി)<br>(സി)<br>&<br>(ഡി) | കേരള സർക്കാർ 24.06..2016-ൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രഖ്യാപിക്കുകയും പദ്ധതി വിജയകരമായി പൂർത്തീകരിച്ച് 29.05.2017 – ന് കേരളം സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമായി പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്.<br>പദ്ധതിയുടെ ഭാഗമായി ഒരു ലക്ഷത്തിഅൻപത്തിരണ്ടായിരത്തോളം ഗുണഭോക്താക്കൾ രജിസ്റ്റർ ചെയ്യുകയും ഇവയിൽ റവന്യൂ വകുപ്പിന്റെ ഉത്തരവ് ലഭിക്കേണ്ടതും വനം വകുപ്പിന്റെ അനുമതി ലഭിക്കാനുള്ളതും ആയ ഏതാനും ഗുണഭോക്താക്കൾ ഒഴിച്ച് 1,50,219 വൈദ്യുതി കണക്ഷനുകൾ നൽകുകയും ചെയ്തിട്ടുണ്ട്.<br>സമ്പൂർണ്ണ വൈദ്യുതീകരണത്തിനായി ഗുണഭോക്താക്കളെ കണ്ടെത്തുന്നതിന്, നിലവിൽ വൈദ്യുതീകരിക്കാത്ത വീടുകളെ സംബന്ധിച്ച കൃത്യമായ കണക്കുകൾ ലഭ്യമല്ലാത്തതിനാൽ വിപുലമായ സംവിധാനങ്ങൾ തയ്യാറാക്കുകയും അപേക്ഷകർ Missed Call നൽകുമ്പോൾ കെ.എസ്.ഇ.ബിയുടെ "Customer Care Centre" ലെ ഓപ്പറേറ്റർ ഗുണഭോക്താവിനെ ബന്ധപ്പെട്ട് അപേക്ഷ രജിസ്റ്റർ ചെയ്യുന്ന സംവിധാനം ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ സെക്ഷൻ ഓഫീസ് വഴിയും ജനപ്രതിനിധികൾ മുഖേനയും ഗുണഭോക്താക്കൾക്ക് പദ്ധതിയിൽ അപേക്ഷ സമർപ്പിക്കാൻ അവസരം നൽകിയിരുന്നു. അപേക്ഷ സമർപ്പിക്കാൻ പോലും കഴിവില്ലാത്ത ഗുണഭോക്താക്കൾ ഉൾപ്പെടെയുള്ളവരെ പദ്ധതിയിൽ ഉൾപ്പെടുത്താൻ ജനപ്രതിനിധികൾ വലിയ പങ്ക് വഹിച്ചിട്ടുണ്ട്. അപേക്ഷകൾ രജിസ്റ്റർ ചെയ്യുന്നതിനും മറ്റു വിവരങ്ങൾ ശേഖരിക്കുന്നതിനുമായി Web Portal രൂപീകരിച്ച് പേരുകളുൾപ്പെടെയുള്ള വിശദ വിവരങ്ങൾ രേഖപ്പെടുത്തുകയുണ്ടായി<br>വൈദ്യുതി ലൈൻ എത്തിക്കാൻ കഴിയാത്ത പ്രദേശങ്ങളിൽ വികേന്ദ്രീകൃത വൈദ്യുതോൽപ്പാദനവും |

| | | | |
|---|---|---|---|
| | | | വിതരണവും (DDG) വഴി വൈദ്യുതി ലഭ്യമാക്കാൻ ANERT, EMC എന്നീ സ്ഥാപനങ്ങളെ പദ്ധതിയിൽ പങ്കാളികളാക്കി തങ്ങളുടെ വീട് വയർ ചെയ്യുന്നതിനുള്ള സാമ്പത്തിക സ്രോതസ്സ് കണ്ടെത്താൻ കഴിയാത്ത ഗുണഭോക്താക്കൾക്ക് കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ഉടമ സ്ഥതയിലുള്ള പ്രമുഖ കമ്പനികളുടെ Corporate Social Responsibility യിൽപ്പെടുത്തി ആയതിനുള്ള പണം കണ്ടെത്താമെന്ന പ്രതീക്ഷയിൽ വയറിംഗ് പൂർത്തിയാക്കാത്ത BPL, ST കുടുംബങ്ങളുടെ വയറിംഗ് കെ.എസ്.ഇ.ബി ഏറ്റെടുത്തു പൂർത്തിയാക്കുകയും ചെയ്തിരുന്നു.<br>പദ്ധതി പൂർത്തീകരണത്തെ തുടർന്ന് സമ്പൂർണ്ണ വൈദ്യുതീകരണ സംസ്ഥാനം എന്ന പദവി നിലനിർത്തുന്നതിനായി മറ്റു പല പദ്ധതികളിൽ ഉൾപ്പെടുത്തി പുതിയ കണക്ഷനുകൾ സമയ ബന്ധിതമായി നല്കി വരുന്നുണ്ട്.<br>എല്ലാ വീടുകളിലും വൈദ്യുതി എത്തിക്കുന്നതുമായി ബന്ധപ്പെട്ട് കേരളത്തിലെ ഇടുക്ക്, വയനാട്, പാലക്കാട് ജില്ലകളിലായി കെ. എസ്. ഇ. ബി ക്ക് വൈദ്യുതി എത്തിക്കാൻ സാധിക്കാത്ത വിദൂരങ്ങളായ കോളനികളിലെ പൊതു സ്ഥാപനങ്ങൾ, സ്കൂളുകൾ, വീടുകൾ ഉൾപ്പെടെ ആകെ 2322 സ്ഥലങ്ങളിൽ സോളാർ പവർ പ്ലാന്റ്, സോളാർ ഹോം ലൈറ്റിംഗ് സിസ്റ്റം, സോളാർ റാന്തലുകൾ എന്നീ സൗരോർജ്ജ പദ്ധതികൾ അനർട്ട് വഴി എത്തിച്ചിട്ടുണ്ട്.<br>വൈദ്യുതി എത്താത്ത വീടുകളിലെ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി ഓരോ ആദിവാസി കോളനികളിലും ജനപ്രതിനിധികൾ ഉൾപ്പെടെ ഊരുകൂട്ടം വിളിച്ച് അവരുടെ നിർദ്ദേശ പ്രകാരം കേളനികളിലെ മുഴുവൻ വീടുകളിലും സർവ്വേ നടത്തി വീടുകളിൽ താമസക്കാരുണ്ടോയെന്ന് ഉറപ്പാക്കിയ ശേഷം ആൾതാമസമുള്ള വീടുകളിലും വൈദ്യുതി എത്താത്ത പൊതു സ്ഥലങ്ങളിലും സ്കൂളുകളിലും ഗുണഭോക്താക്കളുടെ നിർദ്ദംശം അനുസരിച്ച് വൈദ്യുതി എത്തിക്കാനുള്ള നടപടിയാണ് സ്വീകരിച്ചത്. |

സെക്ഷൻ ഓഫീസർ